തമ്മിൽ ഉണ്ടാക്കിയ കരാറാണ്. ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിയ ശേഷം അത് എങ്ങനെ ദുർബലപ്പെടുത്താണമെന്നാണ് വിദഗ്ദ്ധന്മാരുടേയും നിയമ വിദഗ്ദ്ധന്മാരുടേയും അഭിപ്രായം വെള്ളം ഉപയോഗിക്കുന്നതിനെ സംബന്ധിച്ചും അതിൽ നിന്ന് ഇലക്ട്രിസിറ്റി ഉണ്ടാക്കുന്നതിനെക്കുറിച്ചും 1970-ലെ മറ്റൊരു കരാർ ഉള്ളതുകൊണ്ട് ഇതിന്റെ നിയമവശങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധമായി പഠിച്ചുവേണം നിയമനടപടികൾ സ്വീകരിക്കാൻ, എന്നുള്ളതുകൊണ്ടാണ് നിയമജ്ഞന്മാരെ നിയമിച്ച് കേരളാ ഗവൺമെന്റ് ചർച്ച ആരംഭിച്ചിരിക്കുന്നത്.

മി. സ്പീക്കർ : ഡെപ്യൂട്ടി സ്പീക്കറുടെ ചോദ്യം കാലാവധി കഴിഞ്ഞ ഡാമിന് സുരക്ഷിതത്വം ഉണ്ടോ എന്നുള്ളതാണ്. അതുകൊണ്ട് പുതിയ ഡാം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ആ ചോദ്യം വളരെ ഗൗരവമുള്ളതാണ്. 100 കൊല്ലം പഴക്കമുള്ള ഈ ഡാമിന്റെ സേഫ്റ്റിയെ സംബന്ധിച്ച് ഡാം സേഫ്റ്റി അതോറിറ്റി വന്നശേഷം പഠനം നടത്തി അതിനാവശ്യമായ നടപടി സ്വീകരിക്കുകയുണ്ടായി.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ചാണ് ചോദ്യം. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഡാമിന് സേഫ്റ്റി കുറവായിരുന്നു. സപ്പോർട്ട് ഡാം പണിയുന്നതിനെ സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന്റെ കയ്യിലുണ്ട്. അത് എന്തായി ?

മി. സ്പീക്കർ : ചോദ്യം മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : 1979-ൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ ശുപാർശ പ്രകാരം ജലനിരപ്പ് 136 അടിയാക്കി. അതുപോലെ തന്നെ ഒരു പുതിയ ഡാം കെട്ടണമെന്ന് സെൻട്രൽ വാട്ടർ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ, ഇല്ലെങ്കിൽ നടപടി എടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇതുവരെ ഗവൺമെന്റ് ആ കാര്യത്തെ സംബന്ധിച്ച് ആലോചിച്ചില്ല. ഇപ്പോൾ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് സംശയങ്ങൾ ഉള്ളതുകൊണ്ട് 136 അടി പോലും അതേപോലെ നിലനിർത്താൻ കഴിയുമോ എന്ന ആശങ്ക ഉള്ളതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് ആലോചിക്കേണ്ടിവരും.

വൈദ്യുതി ഉല്പാദനം

3 (*181) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എളമരം കരീം :
ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ജലവൈദ്യുതി പദ്ധതികൾ കൂടുതൽ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എത്ര വൈദ്യുത പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അനുമതി ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇവ ഏതെല്ലാം കാലഘട്ടങ്ങളിൽ അനുമതിക്കായി സമർപ്പിച്ചവയാണ് ;

(എഫ്) കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ജി) കേന്ദ്രാനുമതി ലഭിച്ച ഓരോ പദ്ധതികളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഐ) സംസ്ഥാനത്ത് ചെലവു കുറഞ്ഞ വൈദ്യുതി പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക.
2. പുതുതായി താപവൈദ്യുത പദ്ധതികൾ ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുക.
3. പഴക്കം ചെന്ന പദ്ധതികളുടെ നവീകരണം, ആധുനികവൽക്കരണം, ശേഷി വർദ്ധിപ്പിക്കൽ എന്നിവ നടപ്പാക്കുക.
4. കാപ്റ്റീവ് പദ്ധതികൾ അനുവദിക്കുക. പണി നടന്നുകൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ പണി ത്വരിതപ്പെടുത്തുന്നതിനായി ഓരോ പദ്ധതി പ്രദേശത്തും വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, ജില്ലാ കളക്ടർ, ബന്ധപ്പെട്ട ബോർഡ് ഉദ്യോഗസ്ഥന്മാർ ഇവർ ഉൾക്കൊള്ളുന്ന ജനകീയ സമിതികൾ രൂപീകരിച്ചു. ബോർഡ് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. പദ്ധതിയുടെ മേൽനോട്ടത്തിനും സമയബന്ധിതമായി

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കുന്നതിനും ഓരോ പദ്ധതിക്കും പ്രത്യേക അധികാരത്തോടുകൂടി പൂർണ്ണചുമതലയുള്ള പ്രോജക്ട് മാനേജർമാരെ നിയമിച്ചു. ഓരോ വർക്കിനും ടാർജറ്റ് നിശ്ചയിച്ച് ജോലികൾ നടത്തിയതിന്റെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേപ്പാറ (3 മെ.വാ), മാട്ടുപ്പെട്ടി (2 മെ.വാ), ലോവർ പെരിയാർ (150 മെ.വാ), പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റെൻഷൻ (16 മെ.വാ), കക്കാട് (50 മെ.വാ.), കുറ്റ്യാടി എക്സ്റ്റെൻഷൻ (50 മെ.വാ.) എന്നീ ജലവൈദ്യുത പദ്ധതികളും ബ്രഹ്മപുരം (106.6 മെ.വാ), കോഴിക്കോട് ഡീസൽ നിലയം (128 മെ.വാ) എന്നീ ഡീസൽ നിലയങ്ങളും കേന്ദ്ര പൊതുമേഖലയിലെ എൻ.ടി.പി.സി.യുടെ കായംകുളം പദ്ധതിയും (359 മെ.വാ) കമ്മീഷൻ ചെയ്തുകഴിഞ്ഞു. സ്വകാര്യമേഖലയിൽ ബി.എസ്.ഇ.എസ്. (157 മെ. വാ.)ന്റെ ആദ്യ മൂന്ന് ഘട്ടങ്ങളും കമ്മീഷൻ ചെയ്തു. അവസാനഘട്ടമായ സ്റ്റീം ടർബൈന്റെ പണി പൂർത്തിയായി വരുന്നു. കാസർഗോഡ് പവർ കോർപ്പറേഷന്റെ 20 മെ.വാ. ഡീസൽ നിലയത്തിന്റെയും പണി പൂർത്തിയായിക്കഴിഞ്ഞു. ഒരു ജനറേഷൻ പ്ലാൻ തയ്യാറാക്കി വൈദ്യുതപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള പണികൾ പുരോഗമിച്ചു വരുന്നു. പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. പള്ളിവാസൽ, ശെങ്കുളം, പന്നിയാർ, പെരിങ്ങൽകുത്ത് എന്നീ ജലവൈദ്യുത പദ്ധതികൾ നവീകരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശബരിഗിരി പദ്ധതിയുടെ നവീകരണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1. <u>നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ</u>

മലങ്കര	-	10.5 മെ.വാ.
അഴുത ഡൈവർഷൻ	-	57 മില്യൻ യൂണിറ്റ്
വഴിക്കടവ് ഡൈവർഷൻ	-	24 മില്യൻ യൂണിറ്റ്
വടക്കേപ്പുഴ ഡൈവർഷൻ	-	37 മില്യൻ യൂണിറ്റ്
കുറ്റിയാർ ഡൈവർഷൻ	-	37 മില്യൻ യൂണിറ്റ്
കുറ്റ്യാടി ആഗ്മെന്റേഷൻ	-	223 മില്യൻ യൂണിറ്റ്
കുത്തുങ്കൽ	-	21 മെ.വാ.
ഉള്ളുങ്കൽ	-	7 മെ.വാ.
ഭൂതത്താൻകെട്ട്	-	16 മെ.വാ.

LIBRARY ARCHIVES Kerala Legislative Assembly

കരിക്കയം	-	15 മെ.വാ.
കുറ്റ്യാടി ടെയിൽറേസ്	-	3.75 മെ.വാ.
കുറ്റ്യാടി അഡീഷണൽ എക്സ്റ്റെൻഷൻ	-	100 മെ.വാ.
ചെംപുക്കടവ് (ഒന്നാംഘട്ടം)	-	2.7 മെ.വാ.

2. നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

ചെംപുക്കടവ് (രണ്ടാം ഘട്ടം)	-	3.75 മെ.വാ.
ഉറുമി (ഒന്നാം ഘട്ടം)	-	3.75 മെ.വാ.
ഉറുമി (രണ്ടാം ഘട്ടം)	-	2.4 മെ.വാ.
ചൈനയുടെ സാങ്കേതിക സഹായത്തോടെ മറ്റ് 14 പദ്ധതികൾ	-	95.2 മെ.വാ.
ആതിരപ്പിള്ളി	-	163 മെ.വാ.
നേര്യമംഗലം എക്സ്റ്റൈൻഷൻ	-	25 മെ.വാ.
ചെങ്കുളം ആഗ്മെന്റേഷൻ	-	85 മില്യൻ യൂണിറ്റ്
ലോവർ മീൻമുട്ടി	-	3.5 മെ.വാ.
തോട്ടിയാർ	-	70 മെ.വാ.
മാങ്കുളം	-	40 മെ.വാ.

3. ജില്ലാ പഞ്ചായത്ത് മുഖേന നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ

അരിപ്പാറ	-	3 മെ.വാ. (കോഴിക്കോട്)
കലങ്കി	-	1 മെ.വാ. (കണ്ണൂർ)
മീൻവള്ളം	-	2 മെ.വാ. (പാലക്കാട്)
അടിയൻപാറ	-	2.5 മെ.വാ. (മലപ്പുറം)

4. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

പള്ളിവാസൽ എക്സ്റ്റെൻഷൻ	-	60 മെ.വാ.
പാത്രക്കടവ് സ്കീം	-	100 മെ.വാ.
പാംപാർ	-	40 മെ.വാ.
തൂവലാർ	-	4 മെ.വാ.
പെരുവ	-	2 മെ.വാ.
ആറ്റില	-	6 മെ.വാ.
ചാലിപ്പുഴ	-	90 മെ.വാ.

LIBRARY ARCHIVES Kerala Legislative Assembly

ലോവർ വട്ടപ്പാറ	-	3 മെ.വാ.
അപ്പർ വട്ടപ്പാറ	-	7.5 മെ.വാ.
ചെങ്കുളം ടെയിൽറേസ്	-	5.5 മെ.വാ.
കാരാപ്പുഴ	-	0.50 മെ.വാ.
മാലോതി II	-	0.8 മെ. വാ.

കൂടാതെ ചിന്നാർ (18 മെവാ), പാൽച്ചുരം (214 മെവാ) കീഴാർ കുത്ത് (15 മെ. വാ), കുറുംപെട്ടി (3.5 മെ. വാ) മടത്തരുവി (2 മെ.വാ.) പെരുഫാൾസ് (9 മെ.വാ.) ചിറ്റൂർ അപ്പർ (6 മെ.വാ.) പിച്ചാട് (4 മെ.വാ.) അപ്പർ കല്ലാർ (3 മെ.വാ) ഉരുളിക്കുഴി (3 മെ.വാ.) തുടങ്ങിയ ജലവൈദ്യുതപദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും നടന്നു വരുന്നു.

(ഡി) കുരിയാർകുട്ടി-കാരപ്പാറ പദ്ധതി (84 മെ.വാ) പൂയംകുട്ടി പദ്ധതി (240 മെ.വാ)

(ഇ) 24-5-2000-ൽ വനം വകുപ്പിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചു.

കുര്യാർകുട്ടി-കാരപ്പാറ പദ്ധതി (84 മെ.വാ.)

വനം വകുപ്പിന്റെ അനുമതിക്കായി 1994-ൽ സമർപ്പിച്ച അപേക്ഷ 1998 നവംബറിൽ കേന്ദ്ര ഗവൺമെന്റ് നിഷേധിച്ചു. തുടർന്ന് വിശദമായ പരിസ്ഥിതി പഠനം നടത്തുകയും 1999 ജൂലൈയിൽ വനംവകുപ്പിന്റെ അനുമതി തേടുകയും ചെയ്തു. 2000 മേയ് മാസത്തിൽ കേന്ദ്രഗവൺമെന്റ് പദ്ധതിക്ക് അനുമതി നിഷേധിച്ചു. തുടർന്ന് എം.ഒ.ഇ.എഫ്. പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് ഒരു നാലംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

പൂയംകുട്ടി പദ്ധതി (240 മെ.വാ.)

1987 മാർച്ച് മാസത്തിലാണ് വനം മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചത്. മറ്റുള്ള സ്വകാര്യ കമ്പനികളെല്ലാം കേന്ദ്രാനുമതിക്കായി 1996 ഡിസംബറിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(എഫ്) 1. കാരപ്പാറ-കുര്യാർകുട്ടി

2. പൂയംകുട്ടി

(ജി) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ടേൺകി അടിസ്ഥാനത്തിൽ നടത്തുന്നതിനായി എച്ച്.സി.സി.-ബി.എച്ച്.ഇ.എൽ. സംയുക്ത സംരംഭത്തിന് നൽകുന്നതിനായി ബോർഡ് തീരുമാനിച്ചു. എന്നാൽ ഇതിനെതിരായി ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന 1774/2001-ാം നമ്പർ ഒ.പി.യിൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ കോടതി തടഞ്ഞിരിക്കുകയാണ്. പണി തുടങ്ങി 4 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി അഡീഷണൽ എക്സിറ്റൻഷൻ (100 മെ.വാ.) പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശെങ്കുളം ആഗ്മെന്റേഷൻ പദ്ധതിയുടെ നിർമ്മാണത്തിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. പൂരിപ്പിച്ച ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 27-2-2001 ആണ്. പണി ആരംഭിച്ച് 4 വർഷം കൊണ്ട് പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(എച്ച്) കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നേടിയെടുക്കുന്നതിനുവേണ്ടി സംസ്ഥാന വൈദ്യുതി മന്ത്രിയും ബോർഡ് ഉദ്യോഗസ്ഥന്മാരും മുൻകൈയെടുത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരവധി തവണ കേന്ദ്രമന്ത്രിയെ നേരിൽ കണ്ട് നിവേദനം സമർപ്പിക്കുകയും പദ്ധതികളുടെ ആവശ്യകതയും പ്രാധാന്യവും ചർച്ച ചെയ്യുകയും ചെയ്തു വരുന്നു. സ്വകാര്യ കമ്പനികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ പുനഃസമർപ്പണത്തിനായി കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരുന്ന തീയതി നീട്ടിക്കിട്ടുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ശുപാർശ ചെയ്തിട്ടുണ്ട്.

(ഐ) ജലവൈദ്യുത പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ചെലവ് കുറവാണ്. ചെലവ് കുറഞ്ഞ ജലവൈദ്യുത പദ്ധതികൾ ധാരാളമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എൻ. ആർ. ബാലൻ : കേന്ദ്രാനുമതി ലഭിച്ച ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിലാണ് ഹൈക്കോടതിയുടെ ഇടപെടൽ മൂലം നിരത്തിവയ്ക്കേണ്ടി വന്നത്. കോടതി ഇടപെടൽ മൂലം അനന്തരമായി ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ നീണ്ടുപോകാതിരിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : ഇക്കാര്യത്തിൽ പെട്ടെന്ന് തീരുമാനം എടുക്കുന്നതിനുവേണ്ടി ബോർഡിന്റെയും ഗവൺമെന്റിന്റെയും വക്കീലന്മാർ കോടതി മുമ്പാകെ വാദിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ആർ. ബാലൻ : നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടേയും മറ്റ് വൈദ്യുത പദ്ധതികളുടേയും പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സംവിധാനത്തെ സംബന്ധിച്ച് വിശദമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : വൈദ്യുത പദ്ധതിപ്രദേശത്തെ സ്ഥലം എം.എൽ.എ. ചെയർമാനും കളക്ടർ കൺവീനറും ബോർഡിലെ ഉദ്യോഗസ്ഥരും വിവിധ രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾ അംഗങ്ങളുമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതിപ്രവർത്തനത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്തുവരികയാണ്. കൂടാതെ പ്രത്യേക അധികാരം ഡെലിഗേറ്റ് ചെയ്തുകൊടുത്തുകൊണ്ട് ഒരു പ്രോജക്ട് മാനേജരേയും നിയമിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതോല്പാദന-വിതരണ രംഗത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠന ഗവേഷണങ്ങൾ നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ശ്രീ. എസ്. ശർമ്മ : ഗവേഷണത്തിനല്ല വൈദ്യുതോല്പാദനത്തിനാണ് പ്രാധാന്യം നൽകിയത്.

ശ്രീ. പി. വിശ്വൻ : വൈദ്യുതോല്പാദന വിതരണരംഗത്തെ വിപുലീകരണത്തിനുള്ള ഗവേഷണത്തെ സംബന്ധിച്ചാണ് ഞാൻ സൂചിപ്പിച്ചത്. കശുവണ്ടിത്തോട്, ചിരട്ട, ഉമി എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതോല്പാദനത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഇതെല്ലാം പാരമ്പര്യേതര ഊർജ്ജ വിഭാഗത്തിന്റെ പരിധിയിൽ വരുന്നതാണ്. അതിന്റെ ടെക്നോളജി ഇതിനകം സാദ്ധ്യമായിട്ടുണ്ട്. പരീക്ഷണാർത്ഥം കശുവണ്ടിത്തോടിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു എഗ്രിമെന്റ് ബോർഡും ബന്ധപ്പെട്ട സ്ഥാപനങ്ങളും തമ്മിൽ ഒപ്പുവച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം ഈ മാസം 5-ന് കൊല്ലത്ത് നിർവ്വഹിക്കുന്നതാണ്.

ശ്രീമതി എൻ. കെ. രാധ : കുറ്റ്യാടി എക്സ്റ്റെൻഷൻ പദ്ധതി ടെൻഡർ വിളിച്ച് പ്രവൃത്തി ആരംഭിച്ചതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത് എന്നത്തേക്ക് കമ്മീഷൻചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : കുറ്റ്യാടി എക്സ്റ്റെൻഷൻ പദ്ധതി മൂന്ന് വർഷംകൊണ്ട് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി എൻ. കെ. രാധ : സൈലന്റ് വാലി പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എസ്. ശർമ്മ : സൈലന്റ് വാലി പദ്ധതി കേന്ദ്രം നിരസിച്ചതിന് പകരമാണ് പൂയംകൂട്ടി പദ്ധതി നിർദ്ദേശിക്കപ്പെട്ടിരുന്നത്. സൈലന്റ് വാലിക്കു വേണ്ടിയുള്ള ഒരു ശ്രമവും പിന്നീട് കേരളത്തിൽ നടന്നിട്ടില്ല. പൂയംകൂട്ടി പദ്ധതിക്കുവേണ്ടിയുള്ള ശ്രമം തുടർന്നു വരികയാണ്.

ശ്രീ. എളമരം കരീം : ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രസിദ്ധമായ ഒരു മുദ്രാവാക്യമാണ് "One unit save means one unit generating" എന്നത്. അതുകൊണ്ട് പ്രസരണ നഷ്ടം മോഷണം തുടങ്ങിയവ ഒഴിവാക്കുന്നതിന് ബോർഡ് അടുത്തകാലത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് ബോർഡ് ഈ ഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഏകദേശം ആയിരം കോടി രൂപയോളം ഇതിലേക്കായി വിനിയോഗിക്കുന്നുണ്ട്. Rural Electricity Corporation, Power Finance Corporation, O.E.C.F. എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടുകൂടി ഇരുന്നൂറോളം വരുന്ന സബ് സ്റ്റേഷനുകൾ സ്ഥാപിച്ച് പൂർണ്ണമായ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

ശ്രീ. എളമരം കരീം : കേന്ദ്രസർക്കാർ വൈദ്യുതബോർഡുകൾ പൂർണ്ണമായും പിരിച്ചുവിടത്തക്ക നിലയിലേയ്ക്ക് പോകുകയാണ്. ഈ സാഹചര്യത്തിൽ ഈ സ്ഥാപനങ്ങൾ പൊതുമേഖലയിൽ നിലനിർത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : ബോർഡുകൾ പൂർണ്ണമായും പിരിച്ചു വിടത്തക്ക നിയമം പാസ്സായതിനുശേഷം ഉത്ഭവിക്കുന്ന ഒരു പ്രശ്നത്തെക്കുറിച്ചുള്ളതാണ് ഈ ചോദ്യം. എന്നാൽ ഇങ്ങനെയൊരു നിയമം പാസ്സാക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ പോരാട്ടം തുടരുകയെന്നുള്ളതാണ് പ്രഥമമായ മാർഗ്ഗം. മാറുന്ന സാഹചര്യം വരുമ്പോൾ എന്തുവേണമെന്ന് എല്ലാ തലങ്ങളിലും വിശദമായ ചർച്ച നടത്തി നയപരമായി ആലോചിച്ച് തീരുമാനം എടുക്കാവുന്നതാണ്.

ശ്രീ. ടി. കെ. നൗഷാദ് : ഇരുട്ടിൽ കിടന്ന കേരളത്തെ വെളിച്ചത്തിലേക്ക് നയിച്ച ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്നതും പാലക്കാട്ടെ കാർഷികമേഖലയ്ക്ക് ഏറ്റവും പ്രയോജനകരമായതുമായ പദ്ധതിയാണ് കുരിയാർകുട്ടി കാരപ്പാറ പദ്ധതി. ഇതിനകം 80 മെഗാവാട്ട് ഈ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞതായും അങ്ങ് പറഞ്ഞു. എന്നിട്ടും എന്തുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ഇതിന് അനുമതി നിഷേധിച്ചതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : കുരിയാർകുട്ടി കാരപ്പാറ പദ്ധതി 80 മെഗാവാട്ടിന്റെതാണ്. ഈ പദ്ധതിയുടെ അനുമതിക്കായി 1994-ൽ സമർപ്പിച്ചു. 1998-ൽ കേന്ദ്രഗവൺമെന്റ് അപേക്ഷ നിരസിച്ചു. സംസ്ഥാന വനം വകുപ്പിന്റെ സർട്ടിഫിക്കറ്റുകൾ പദ്ധതിക്ക് അനുകൂലമല്ലാത്തതിനാലും വിശദമായ പരിസ്ഥിതി പഠനം നടത്തിയിട്ടില്ലാത്തതിനാലുമാണ് അനുമതി നിരസിച്ചത്. ഇതേ തുടർന്ന് വിശദമായ പരിസ്ഥിതി പഠനം നടത്തുകയും 1999 ജൂലായിൽ വനംവകുപ്പിന്റെ അനുമതി നേടുകയുമുണ്ടായി. സംസ്ഥാന വനം വകുപ്പിന്റെ വൈൽഡ് ലൈഫ് വിഭാഗം പദ്ധതിക്ക് അനുകൂലമല്ലാത്ത ചില നിലപാടുകൾ സ്വീകരിച്ചിരുന്നതായി പരാതിയുണ്ട്. തുടർന്ന് 2000 മേയ് മാസം കേന്ദ്രഗവൺമെന്റ് വീണ്ടും പദ്ധതിക്ക് അനുമതി നിഷേധിച്ചു. അതിനുശേഷം ഗവൺമെന്റിന്റെ നേതൃത്വത്തിൽ തീരുമാനം പുനഃപരിശോധിക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെ നേരിൽ കണ്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നാലംഗ കമ്മിറ്റിയെ പദ്ധതി പ്രദേശം സന്ദർശിച്ച് റിപ്പോർട്ട് ചെയ്യാൻ നിയോഗിച്ചു. അവരുടെ സന്ദർശന വിവരം യഥാസമയം ബോർഡിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. നൗഷാദ് : 240 മെഗാവാട്ട് ഉല്പാദിപ്പിക്കാൻ കഴിയുന്ന പൂയംകുട്ടി പദ്ധതിയുടെ കാര്യത്തിലും കേന്ദ്ര ഗവൺമെന്റ് തടസ്സം നില്ക്കുകയാണ്. ആ തടസ്സം നീക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : പൂയംകുട്ടി പദ്ധതിയ്ക്കുവേണ്ടി ആദ്യം നിർദ്ദേശിക്കപ്പെട്ട വിധത്തിൽ സംസ്ഥാന ഗവൺമെന്റ് എല്ലാം സമർപ്പിച്ചിരുന്നു. എന്നാൽ പദ്ധതി പ്രദേശം കൂടുതലായി വെള്ളത്തിനടിയിൽ പോകുമെന്ന് പറഞ്ഞ് പരിസ്ഥിതി വകുപ്പിൽനിന്നും എതിർപ്പുണ്ടായി. തുടർന്ന് 16-10-1996-ൽ സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥനപ്രകാരം എം.വി. നട്കർണി ചെയർമാനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചു. ആറ് വിഷയങ്ങളാണ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നത്. അതിൽ അഞ്ച് വിഷയങ്ങളിൽ പഠനം നടത്തി. ആറാമത്തേത് പരിസ്ഥിതി പ്രശ്നം പരമാവധി കുറച്ച് ചെറിയ കപ്പാസിറ്റിയിൽ ഈ പദ്ധതി നടത്താമോയെന്ന് പരിശോധിക്കണമെന്നതായിരുന്നു. ഇക്കോളജിക്കൽ സ്റ്റഡി നടത്തിയത് SACON എന്ന സ്ഥാപനമായിരുന്നു. ഇതിനെത്തുടർന്ന് 3001.8 ഹെക്ടർ വനഭൂമിയുടെ സ്ഥാനത്ത് 1500 ഹെക്ടറാക്കി കുറച്ചുകൊണ്ട് ഇക്കോളജിക്കൽ പ്രശ്നം പരമാവധി കുറച്ചുകൊണ്ട് സ്റ്റഡി നടത്താൻ ഏജൻസിയെ ചുമതലപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ പൂയംകുട്ടിക്ക് വീണ്ടും അനുവാദം നൽകണമെന്ന് കേന്ദ്രത്തിൽ ശക്തമായി സമ്മർദ്ദം ചെലുത്തി വരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സഹകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻഷ്വറൻസ് ബിസിനസ്

4 (*182) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻഷ്വറൻസ് ബിസിനസ് നടത്തുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഈ കമ്പനി പ്രസ്തുത ബിസിനസ് നടത്തുന്നതിനുള്ള തുക എപ്രകാരമാണ് സംഭരിച്ചത് ;

(സി) ഒട്ടാകെ എന്തു തുക ഇക്കാര്യത്തിനായി സംഭരിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly